# സങ്കടപ്പുഴയുടെ തീരത്ത്

സ്വന്തം ലേഖകൻ
താനൂർ

കഴിഞ്ഞ സെപ്തംബർ 11ന് വള്ളംകളിക്കായി ആർപ്പുവിളിച്ച പുരപ്പുഴയുടെ ഇരുകരകളും ഞായറാഴ്ച രാത്രി തേങ്ങലിന്റെ ആഴങ്ങളിൽ പിടഞ്ഞു. ഒട്ടുംപുറം തൂവൽതീരം കണ്ണീർത്തീരമായി മാറി. ഇരുപത് ജീവനാണ് ബോട്ട് ദുരന്തത്തിൽ പൊലിഞ്ഞത്. ഞായറാഴ്ച സായാഹ്നം ഉല്ലാസഭരിതമാക്കാൻ കുടുംബത്തോടെ എത്തിയതായിരുന്നു മിക്കവരും. വൈകിട്ട് ആറിനുശേഷം ബോട്ടിൽ കയറിയവർ ആരുമറിഞ്ഞില്ല യാത്ര മരണക്കയത്തിലേക്കാണെന്ന്. ആളുകൾ കൂടുതലായി കയറിയതാണ് അപകടകാരണമെന്ന് പ്രദേശവാസികൾ പറഞ്ഞു.സ്ത്രീകളും കുട്ടികളുമാണ് മരിച്ചവരിൽ അധികവും. ലൈഫ് ജാക്കറ്റ് അടക്കമുള്ള സൗകര്യങ്ങൾ ഉപയോഗിക്കാത്തത് അപകടത്തിന്റെ വ്യാപ്തി കൂട്ടി. മത്സ്യത്തൊഴിലാളികളുടെ നേതൃത്വത്തിലായിരുന്നു രക്ഷാപ്രവർത്തനം. ഇരുട്ട് പരന്നതും ബോട്ട് തലകീഴായി മറിഞ്ഞതും രക്ഷാപ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചു. നാടൊട്ടുക്ക് ജീവനുകളെ രക്ഷിക്കാൻ കൈകോർത്തെങ്കിലും മരണസംഖ്യ കുറയ്ക്കാനായില്ല. രാത്രി ഏറെ വൈകിയും മൃതദേഹങ്ങളുമായി ആംബുലൻസുകൾ ആശുപത്രികളിലേക്ക് പാഞ്ഞു.

അപകടത്തിൽപ്പെട്ടയാളെ ആംബുലൻസിൽ ആശുപത്രിയിലേക്ക് കൊണ്ടുപോകുന്നു

താനൂരിൽ അപകടത്തിൽപ്പെട്ട ബോട്ട് കരക്കടുപ്പിക്കുന്നു

## അനുശോചിച്ച് രാഷ്ട്രപതിയും പ്രധാനമന്ത്രിയും

ന്യൂഡൽഹി

മലപ്പുറം താനൂർ ഒട്ടുംപുറം തൂവൽതീരത്ത് ബോട്ട പകടത്തിൽ ദുഃഖം രേഖപ്പെടുത്തി രാഷ്ട്രപതി ദ്രൗപദി മുർമുവും പ്രധാനമന്ത്രി നരേന്ദ്ര മോദിയും. മരിച്ചവരുടെ കുടുംബങ്ങൾക്കൊപ്പം ചേർന്നുനിൽക്കുന്നുവെന്ന് പ്രധാനമന്ത്രിയുടെ ഓഫീസ് ട്വീറ്റ് ചെയ്തു. അപകടം അങ്ങേയറ്റം ഞെട്ടിപ്പിക്കുന്നതും ദുഃഖകരവുമാണെന്നും കുടുംബങ്ങളുടെ ദുഖത്തിൽ പങ്കുചേരുന്നുവെന്നും രാഷ്ട്രപതി ട്വിറ്ററിൽ കുറിച്ചു.

## യോഗം വിളിച്ച് മന്ത്രി വീണാ ജോർജ് പോസ്റ്റുമോർട്ടം രാവിലെ ആറുമുതൽ

തിരുവനന്തപുരം

താനൂർ ബോട്ടപകടത്തെ തുടർന്നുള്ള സാഹചര്യങ്ങൾ വിലയിരുത്താൻ ആരോഗ്യമന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ ഞായർ രാത്രി ആരോഗ്യവകുപ്പിന്റെ അടിയന്തര യോഗം ചേർന്നു. പരിക്കേറ്റവർക്ക് വിദഗ്ധ ചികിത്സ ഉറപ്പാക്കാനും തിങ്കൾ രാവിലെ ആറിനുതന്നെ പോസ്റ്റുമോർട്ടം ആരംഭിച്ച് മൃതദേഹങ്ങൾ വേഗത്തിൽ വിട്ടുനൽകാനും മന്ത്രി കർശന നിർദേശം നൽകി. ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരെ തൃശൂർ, കോഴിക്കോട് തുടങ്ങിയ ജില്ലകളിൽ നിന്നുമെത്തിച്ച് തിരൂർ, തിരൂരങ്ങാടി, പെരിന്തൽമണ്ണ ആശുപത്രികളിലും മഞ്ചേരി മെഡിക്കൽ കോളേജിലും പോസ്റ്റുമോർട്ടം നടത്തും.

## ഒരു കുടുംബത്തിലെ 14 പേർ

താനൂർ

അപകടത്തിൽപ്പെട്ട ബോട്ടിൽ ഒരു കുടുംബത്തിലെ 12 പേരും രണ്ട് പിഞ്ചുകുഞ്ഞുങ്ങളുമുണ്ടായിരുന്നതായി സൂചന. താനൂർ കുന്നുമ്മൽ ജാബിറിന്റെ ഭാര്യ ജൽസിയ (കുഞ്ഞിമ്മു, 42), മകൻ ജറീർ (12), മകൾ ജന്ന (എട്ട്), സഹോദരൻ സൈതലവിയുടെ ഭാര്യ സീനത്ത് (43), മക്കളായ അസ്ന (18), ഷംന (16), സഫ്ല (13), ഫിദദിൽന (എട്ട്), സഹോദരി നുസ്റത്ത് (35), മകൾ ആയിഷ മെഹ്റിൻ (ഒന്നര), സഹോദരൻ സിറാജിന്റെ ഭാര്യ റസീന (27), മക്കളായ ഷഹറ (എട്ട്), ഫാത്തിമ റിഷിദ (ഏഴ്), നൈറ ഫാത്തിമ (എട്ടുമാസം).

## അനുവദിച്ചതിലേറെ യാത്രക്കാർ

താനൂർ

കാലപ്പഴക്കമുള്ളതും ലൈസൻസില്ലാത്തതുമായ ബോട്ടാണ് ദുരന്തത്തിന് ഇടയാക്കിയതെന്ന് നാട്ടുകാർ. ബോട്ട് സർവീസുകളുടെ കാര്യത്തിൽ നഗരസഭ ഇടപെടാറില്ല. അനുവദിച്ചതിലേറെ യാത്രക്കാരെ കയറ്റിയതാണ് അപകടത്തിനുകാരണമെന്നാണ് സൂചന.

വൈകിട്ട് 6.30 വരെയാണ് ബോട്ട് സർവീസിന് അനുമതി. അതുകഴിഞ്ഞും വിനോദസഞ്ചാരികളുമായി ബോട്ടുകൾ സർവീസ് നടത്തുന്നുണ്ട്. നാട്ടുകാർ മുന്നറിയിപ്പ് നൽകാറുണ്ടെങ്കിലും പാലിക്കാറില്ല. അപകടത്തിൽപ്പെട്ട ബോട്ടിൽ കൂടുതൽ പേരെ കയറ്റിയിരുന്നു. കുട്ടികൾ ഉൾപ്പെടെയുള്ളവർക്ക് സ്വിമ്മിങ് പൂളിൽ ഉപയോഗിക്കാവുന്ന ലൈഫ് ജാക്കറ്റാണ് ധരിക്കാൻ നൽകിയത്. സീറ്റുബെൽറ്റിട്ടാണ് പലരും യാത്ര ചെയ്തതെന്നാണ് സൂചന. കുട്ടികൾക്ക് ടിക്കറ്റ് ഇല്ല. 40 പേർക്ക് ടിക്കറ്റ് നൽകിയിട്ടുണ്ട്.

# നീറ്റ് യുജി പരീക്ഷാ കേന്ദ്രത്തിൽ ബഹളം

സ്വന്തം ലേഖകൻ
കോട്ടയം

പരീക്ഷ വീണ്ടും നടത്തണമെന്ന് രക്ഷിതാക്കൾ

മെഡിക്കൽ, അനുബന്ധ കോഴ്സുകൾക്കുള്ള അഖിലേന്ത്യാ പ്രവേശന പരീക്ഷയായ നീറ്റ് യുജിയ്ക്ക് വിദ്യാർഥികളെ സമയത്ത് പ്രവേശിപ്പിക്കാത്തതിനെ ചൊല്ലി പരീക്ഷാകേന്ദ്രത്തിൽ തർക്കം. ചാന്നാനിക്കാട് ശ്രീനാരായണ പബ്ലിക് സ്കൂളിലെ കേന്ദ്രത്തിലാണ് പരീക്ഷാ നടത്തിപ്പ് പാളിയത്. ഒരു ബാച്ചിലെ കുട്ടികളുടെ ബയോമെട്രിക് രജിസ്ട്രേഷൻ പരീക്ഷയ്ക്ക് മുമ്പ് പൂർത്തിയാക്കാൻ കഴിഞ്ഞില്ല. കുട്ടികളെ കയറ്റാൻ വൈകിയതിനാൽ പരീക്ഷ വീണ്ടും നടത്തണമെന്ന് രക്ഷിതാക്കൾ ആവശ്യപ്പെട്ടു.

പകൽ 11ന് ദേഹപരിശോധന ആരംഭിക്കേണ്ടിയിരുന്നെങ്കിലും 12നാണ് പരീക്ഷാകേന്ദ്രത്തിന്റെ ഗേറ്റ് തുറന്നതെന്ന് രക്ഷിതാക്കൾ പറഞ്ഞു. ഇരുന്നൂറോളം കുട്ടികൾ ഒരു മണിക്കൂർ പൊരിവെയിലിൽ വലഞ്ഞ ശേഷമാണ് കയറ്റിയത്. രണ്ടു പേർ തലചുറ്റി വീണു. രണ്ടു ബാച്ചായാണ് കുട്ടികളെ കയറ്റിയത്. രണ്ടാം ബാച്ചിന്റെ ബയോമെട്രിക് രജിസ്ട്രേഷനും വൈകി. ബഹളം വച്ചപ്പോൾ മാത്രമാണ് 1.50 നു പരീക്ഷ ഹാളിൽ കയറ്റിയത്. ഇതു മൂലം വലിയ ടെൻഷനിലാണ് പരീക്ഷ എഴുതിയത്. ഉത്തരം എഴുതിത്തുടങ്ങും മുമ്പ് റോൾ നമ്പർ, സെന്റർ നമ്പർ തുടങ്ങി പല കാര്യങ്ങളും എഴുതേണ്ടതുണ്ട്. ഇതിനൊന്നും മറ്റ് സെന്ററുകളിൽ പരീക്ഷ എഴുതിയവർക്ക് കിട്ടിയ സാവകാശം ഇവിടെ ലഭിച്ചില്ല. 'ഓരോ മിനിറ്റും വളരെ വിലപ്പെട്ടതാണ്. ഒരു മാർക്ക് കുറഞ്ഞാൽ പോലും റാങ്ക് ലിസ്റ്റിൽ ഏറെ താഴെയാകും' –ഒരു രക്ഷിതാവ് പറഞ്ഞു. ബഹളം കനത്തതോടെ പത്തു മിനിറ്റ് അധിക സമയം നൽകാമെന്ന് അധികൃതർ ഉറപ്പുനൽകി. എന്നാൽ ഇത് കൃത്യമായി പാലിച്ചില്ലെന്ന് പരീക്ഷ കഴിഞ്ഞിറങ്ങിയ ചില വിദ്യാർഥികൾ പറഞ്ഞു. പരീക്ഷയ്ക്ക് ശേഷം രജിസ്ട്രേഷൻ പൂർത്തിയാക്കിയെന്നും ഇന്റർനെറ്റ് പ്രശ്നമാണ് രജിസ്ട്രേഷൻ വൈകാൻ കാരണം എന്നുമായിരുന്നു അധികൃതരുടെ വിശദീകരണം.

ജില്ലയിൽ 24 കേന്ദ്രങ്ങളിലായി 11,800 പേരാണ് പരീക്ഷയ്ക്ക് അപേക്ഷിച്ചത്. 11,400 പേർ എത്തി. ഞായർ പകൽ രണ്ടു മുതൽ 5.20 വരെയായിരുന്നു പരീക്ഷ. 11 ന് ദേഹപരിശോധന തുടങ്ങുമെന്നും 1.30ന് ഗേറ്റ് അടയ്ക്കുമെന്നും 1.40ന് ശേഷം പരീക്ഷാ ഹാളിൽ പ്രവേശിപ്പിക്കില്ലെന്നുമായിരുന്നു നിബന്ധന. കുട്ടികളുടെ ദേഹ പരിശോധന സംബന്ധിച്ച തർക്കം കഴിഞ്ഞ വർഷം വലിയ വിവാദമായിരുന്നു.

### വിദ്യാർഥികളുടെ സമയം നഷ്ടപ്പെടുത്തിയതായി പരാതി

കാസർകോട്

നീറ്റ് പരീക്ഷയെഴുതാനെത്തിയ വിദ്യാർഥികൾക്ക് ആവശ്യമായ സമയം അനുവദിച്ചില്ലെന്ന് പരാതി. വെള്ളരിക്കുണ്ട് എലിസബത്ത് ഇംഗ്ലീഷ് മീഡിയം സ്കൂളിലെ എട്ടാം നമ്പർ മുറിയിൽ പരീക്ഷയെഴുതാനെത്തിയ വിദ്യാർഥികൾക്കാണ് സമയനഷ്ടമുണ്ടായത്. പകൽ രണ്ടിന് പരീക്ഷയെഴുതാൻ തുടങ്ങിയ വിദ്യാർഥികളോട് സമയമായില്ലെന്ന് പറഞ്ഞ് 20 മിനിറ്റോളം ഇൻവിജിലേറ്റർ തടസ്സപ്പെടുത്തി. എന്നാൽ, 5.30ന് തന്നെ പരീക്ഷ അവസാനിപ്പിച്ചു.

പരീക്ഷയ്ക്ക് ഇരുത്തിയും സമയം നഷ്ടപ്പെടുത്തിയത് വലിയ പ്രയാസമുണ്ടാക്കിയെന്നും കാരണക്കാർക്കെതിരെ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് പരീക്ഷയെഴുതാനെത്തിയ വിദ്യാർഥി നിരഞ്ജന പത്മനാഭൻ സെന്റർ സൂപ്രണ്ടിന് പരാതി നൽകി.

## ബിഷപ് കെ ജെ സാമുവൽ അന്തരിച്ചു

മേലുകാവ്

സിഎസ്ഐ സഭ മുൻ മോഡറേറ്റർ ബിഷപ് കെ ജെ സാമുവൽ(81) അന്തരിച്ചു. കോട്ടയത്തെ സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം. 1942 ജനുവരി ഏഴിന് മൂലമറ്റം ഇലപ്പള്ളിയിൽ കുന്നുംപുറത്ത് കെ എസ് ജോസഫിന്റെയും റേച്ചൽ ജോസഫിന്റെയും ഒമ്പത് മക്കളിൽ മൂത്തമകനായി ജനനം. 1990 മാർച്ച് 10ന് മേലുകാവ് ക്രൈസ്റ്റ് കത്തീഡ്രലിൽ ഈസ്റ്റ് കേരള സഭയുടെ ബിഷപ്പായി ചുമതലയേറ്റു. 1998ൽ റായൽസീമ ഡയോസിസിൽ നടന്ന സിനഡിൽ ഡെപ്യൂട്ടി മോഡറേറ്ററായും 2000ൽ മോഡറേറ്ററുമായി തെരഞ്ഞെടുത്തു. 17 വർഷം ഈസ്റ്റ് കേരളസഭയുടെ ബിഷപ്പായിരുന്നു. തിങ്കൾ പകൽ 2.30ന് വിലാപയാത്രയായി മൃതദേഹം മേലുകാവ് മറ്റത്തുള്ള ഭവനത്തിൽ 3.30 ന് എത്തിക്കും. ചൊവ്വാഴ്ച മേലുകാവ് മറ്റം എച്ച്ആർഡിടി സെന്ററിൽ രാവിലെ 8.30 മുതൽ 10.30 വരെ പൊതുദർശനം. തുടർന്ന് 11 മുതൽ 3 വരെ മേലുകാവ് ക്രൈസ്റ്റ് കത്തീഡ്രൽ സിഎസ്ഐ ദേവാലയത്തിൽ പൊതുദർശനം. തുടർന്ന് മൂന്നിന് സംസ്കാര ശുശ്രൂഷകൾ ആരംഭിക്കും.

ഭാര്യ: പരേതയായ ഏലിയാമ്മ സാമുവേൽ(സൂസമ്മ) മേലുകാവ്മറ്റം താന്നിക്കൽ കുടുംബാംഗം. മക്കൾ: സാം കെ ജോസഫ്(എക്സിക്യൂട്ടീവ് എൻജിനിയർ കെഎസ്ഇബി, മൂലമറ്റം), ഡോ. റേച്ചൽ കെ സാമുവൽ(കാഞ്ഞിരപ്പള്ളി ഗവ. താലൂക്ക് ആശുപത്രി), ഐസക് സാമുവൽ(ജലസേചന വകുപ്പ് തിരുവനന്തപുരം), പരേതയായ കൊച്ചുമോൾ. മരുമക്കൾ: ആനി സാം, ഡോ. സാം ക്രിസ്റ്റി മാമൻ(കോട്ടയം മെഡിക്കൽ കോളേജ്).

ബിഷപ്പ് കെ ജെ സാമുവലിന്റെ വിയോഗത്തിൽ മന്ത്രി റോഷി അഗസ്റ്റിൻ അനുശോചിച്ചു.

## യുപിയിൽ ദുരഭിമാനക്കൊല; ഇരുപതുകാരിയെ അമ്മാവൻ കൊന്നു

സിതാപുർ

ഇതര ജാതിക്കാരനെ വിവാഹം കഴിച്ചതിന് ഇരുപതുകാരിയെ അമ്മാവൻ കൊലപ്പെടുത്തി. ഉത്തർപ്രദേശിലെ സിതാപുരിലാണ് സംഭവം. കൊലപാതകത്തിന് ഉപയോഗിച്ച് ആയുധവുമായി പ്രതി പൊലീസ് സ്റ്റേഷനിലെത്തി കീഴടങ്ങിയതായി അധികൃതർ പറഞ്ഞു. ഇയാൾ കുറ്റം സമ്മതിച്ചു. വിവാഹിതനും ഇതരജാതിയിൽപ്പെട്ടയാളുമായ രൂപ് ചന്ദ്ര മൗര്യയുമായി പെൺകുട്ടി നവംബറിൽ ഒളിച്ചോടി. തുടർന്ന് കോടതിയിൽ വിവാഹിതരായി കുറച്ചുകാലം ഒരുമിച്ചു താമസിച്ചു. പിന്നീട് ഗ്രാമത്തിൽ എത്തിയപ്പോഴാണ് കൊലപാതകമെന്ന് പൊലീസ് പറഞ്ഞു. മൃതദേഹം പോസ്റ്റ്മോർട്ടത്തിനായി ആശുപത്രിയിലേക്ക് മാറ്റി.

## വിലയിടിഞ്ഞു, ചൂഷണവുമായി ഇടനിലക്കാർ

# നെഞ്ചുരുകി തേങ്ങ കർഷകർ

എസ് സുധീഷ്
ചിറ്റൂർ

നല്ലപ്പിള്ളിയിൽ ഉയരം കൂടിയ തെങ്ങുകൾ മുറിച്ചു മാറ്റുന്നു

തേങ്ങയുടെ വിലയിടിവിലും ഇടനിലക്കാരുടെ ചൂഷണത്തിലും വലഞ്ഞ് ജില്ലയിലെ തേങ്ങ കർഷകർ. തെങ്ങ് കയറ്റക്കൂലിയും വളത്തിന്റെ വിലയും കുതിച്ച് ഉയരുമ്പോഴും 20 വർഷംമുമ്പ് ലഭിച്ച അതേ വിലയാണ് തേങ്ങയ്ക്ക് കർഷകർക്ക് ലഭിക്കുന്നത്.

നാളികേര കൃഷി ഏറ്റവുമധികമുള്ളത് കിഴക്കൻ മേഖലയായ ചിറ്റൂരിലാണ്. തമിഴ്നാട്ടിൽനിന്നുള്ള ഇടനിലക്കാരാണ് ഇവിടെ തേങ്ങയെടുക്കുന്നത്. വിപണിയിൽ ഒരു കിലോയ്ക്ക് 40ലധികം രൂപയുള്ളപ്പോൾ കർഷകർക്ക് തേങ്ങ ഒന്നിന് എട്ട് രൂപയാണ് ലഭിക്കുന്നത്. കാഴ്ചയിൽ ചെറുതാണെങ്കിൽ വില പകുതിയാവും. തോട്ടി ഉപയോഗിച്ചുള്ള തേങ്ങയിടലായതിനാൽ ഉയരം കൂടിയ വലിയ തെങ്ങുകളെ ഒഴിവാക്കും. ഇതുകാരണം വലിയ തെങ്ങുകൾ കർഷകർ മുറിച്ചുകളയുകയാണ്. ഏറ്റവും കൂടുതൽ തേങ്ങ ഉൽപ്പാദിപ്പിക്കുന്നത് ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിലാണ്. എന്നാൽ തേങ്ങ വിപണിയിലെത്തിച്ചാൽ ഉൽപ്പാദന ചെലവുപോലും ലഭിക്കാത്ത അവസ്ഥയാണ്. കേന്ദ്ര സർക്കാർ വ്യാപകമായി പാം ഓയിൽ ഇറക്കുമതി ചെയ്യുന്നതാണ് നാളികേരകർഷകർക്ക് തിരിച്ചടിയായത്. കേരകർഷകരെ സംരക്ഷിക്കുന്നതിനായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച താങ്ങുവില വലിയ ആശ്വാസമാണ്.

നാലാഞ്ചിറ നവജീവൻ ബഥനി വിദ്യാലയത്തിൽനിന്ന് നീറ്റ് പരീക്ഷ കഴിഞ്ഞിറങ്ങിയ മകൾക്ക് ആത്മവിശ്വാസം നൽകുന്ന പിതാവ് ഫോട്ടോ: ഷിബിൻ ചെറുകര

## മുൻ വർഷത്തേക്കാൾ എളുപ്പമെന്ന് വിദ്യാർഥികൾ

തിരുവനന്തപുരം

നീറ്റ് പരീക്ഷ മുൻ വർഷങ്ങളിലേക്കാൾ എളുപ്പമായിരുന്നെന്നാണ് വിദ്യാർഥികൾ. കടുപ്പമാകുമെന്ന് കരുതിയ ഫിസിക്സ് ഭാഗം അത്ര വിഷമിപ്പിച്ചില്ലെന്ന് വിദ്യാർഥികൾ പറഞ്ഞു. ഭൂരിഭാഗം ചോദ്യങ്ങളും എൻസിഇആർടി സിലബസിനെ അടിസ്ഥാനമാക്കിയായിരുന്നു. ദേഹപരിശോധനയെക്കുറിച്ച് വലിയ ആക്ഷേപമൊന്നും ഉയർന്നിട്ടില്ല.

വിദേശ രാജ്യങ്ങളിലെ 14 കേന്ദ്രമടക്കം രാജ്യത്താകെ 499 കേന്ദ്രത്തിലാണ് നീറ്റ് പരീക്ഷ നടക്കേണ്ടിയിരുന്നത്. കലാപം തുടരുന്ന മണിപ്പുരിലെ പരീക്ഷ എൻടിഎ മാറ്റിവച്ചു. ഇവിടെ എപ്പോൾ പരീക്ഷ നടക്കുമെന്ന് പ്രഖ്യാപിച്ചിട്ടില്ല. ആകെ 20 ലക്ഷത്തിലധികം കുട്ടികളാണ് രജിസ്റ്റർ ചെയ്തിരുന്നത്. 18 ലക്ഷം പേർ എഴുതിയെന്നാണ് പ്രാഥമിക കണക്ക് സൂചിപ്പിക്കുന്നത്. ഉത്തര സൂചിക ഉടൻ പ്രസിദ്ധീകരിച്ചേക്കും.

## വിസ വാഗ്ദാനം നൽകി പണം തട്ടിപ്പ്; അന്വേഷണം പുരോഗമിക്കുന്നു

പുതുശ്ശേരി

വിസ വാഗ്ദാനം നൽകി നിരവധി പേരിൽ നിന്നായി ലക്ഷങ്ങൾ തട്ടിയെടുത്ത കേസിൽ പൊലീസ് അന്വേഷണം പുരോഗമിക്കുന്നു. കേസിലെ പ്രതിയായ പുതുശേരി കാളാണ്ടിത്തറ മഞ്ഞത്തൊടി വീട്ടിൽ ശ്രീകുമാറി (26)ന് വെള്ളിയാഴ്ച ഹൈക്കോടതി മുൻകൂർ ജാമ്യം നൽകിയിരുന്നു. വിദേശത്ത് ഉയർന്ന ശമ്പളമുള്ള ജോലി വാഗ്ദാനം ചെയ്താണ് പ്രതി തട്ടിപ്പ് നടത്തിയത്. തൃശൂർ, എറണാകുളം, കോട്ടയം തുടങ്ങി പല ജില്ലകളിൽ നിന്നായി നിരവധി പരാതികളാണ് പൊലീസിന് ലഭിച്ചത്. കസബ ഇൻസ്പെക്ടർ എൻ എസ് രാജീവിന്റെ നേതൃത്വത്തിൽ എസ്ഐമാരായ സി കെ രാജേഷ്, സതീഷ് കുമാർ എന്നിവരടങ്ങുന്ന സംഘമാണ് കേസ് അന്വേഷിക്കുന്നത്.

## പരിഷത്ത് പ്രവർത്തകരുടെ 'ഹൃദയസംഗമം'

തൃശൂർ

ഡോ. ബി ഇക്ബാലിന്റെ മഹാമാരികൾ എന്ന പുസ്തകത്തിന്റെ ഗ്രന്ഥശാലകൾക്കുള്ള സൗജന്യവിതരണം ഡോ. എം പി പരമേശ്വരൻ, ഡോ. പി വി കൃഷ്ണൻനായർക്ക് നൽകി നിർവഹിക്കുന്നു

കേരള ശാസ്ത്രസാഹിത്യ പരിഷത്ത് വജ്രജൂബിലി സംസ്ഥാനസമ്മേളനത്തോടനുബന്ധിച്ച് സംസ്ഥാനതല പ്രവർത്തകസംഗമം 'ഹൃദയസംഗമം' നടന്നു.

ജില്ലയിലെ തെരഞ്ഞെടുത്ത 30 ഗ്രന്ഥശാലകൾക്ക് ഡോ.ബി ഇക്ബാൽ രചിച്ച 'മഹാമാരികൾ' എന്ന പുസ്തകം സൗജന്യമായി നൽകി. ജനകീയശാസ്ത്ര പ്രചാരകനായ ഡോ. എം പി പരമേശ്വരൻ ഡോ.പി വി കൃഷ്ണൻനായർക്ക് നൽകി പുസ്തകം പ്രകാശനം നിർവഹിച്ചു.

കേരളീയ ശാസ്ത്രപ്രതിഭകളുടെ ചിത്രങ്ങളുൾപ്പെടുത്തിയ ബഹുവർണ കലണ്ടർ സി പി നാരായണൻ പ്രകാശിപ്പിച്ചു. ശാസ്ത്രപ്രചാരണത്തിന്റെ ഹ്രസ്വഡോക്യുമെന്ററി (പടവുകൾ) റിലീസ് പരിഷത്ത് സംസ്ഥാന പ്രസിഡന്റ് ബി രമേശ് സ്വിച്ച് ഓൺ ചെയ്തു. പ്രൊഫ. കെ ആർ ജനാർദനൻ അധ്യക്ഷനായി.

പ്രൊഫ. വി കെ ദാമോദരൻ, ടി രാധാമണി, ആർ രാധാകൃഷ്ണൻ, പ്രൊഫ. പി കെ രവീന്ദ്രൻ, പ്രൊഫ.പി ആർ മാധവപ്പണിക്കർ, ഡോ. ബാബു അമ്പാട്ട്, വി വി നോദ്, ഡോ. കാവുമ്പായി ബാലകൃഷ്ണൻ, ടി കെ മീരാഭായ്, കെ പി രവിപ്രകാശ്, സി വിമല, എ പി സരസ്വതി, പി എസ് ജൂന എന്നിവർ സംസാരിച്ചു.

## സഹകരണ സംരംഭം

# ഇതാ മധുരമൂറും കദളിപ്പഴ ബിസ്കറ്റ്

സി എ പ്രേമചന്ദ്രൻ
തൃശൂർ

കൊച്ചിയിൽ സഹകരണ എക്സ്പോയിൽ കദളി കൂക്കീസ് പ്രോഡക്ട് ലോഞ്ചിങ് മന്ത്രി പി രാജീവ് നിർവഹിക്കുന്നു

ഇതാ മധുരമൂറും കദളിപ്പഴ ബിസ്കറ്റും ഹൽവയും കേക്കും അടയും. മറ്റത്തൂർ ലേബർ കോൺട്രാക്ട് സൊസൈറ്റിയും ജില്ലാ കുടുംബശ്രീ മിഷനും നടപ്പാക്കിവരുന്ന കദളീവനം പദ്ധതിയുടെ തുടർച്ചയായാണ് കദളീവനം ബ്രാൻഡ് കുക്കീസും വിപണിയിലിറക്കുന്നത്. മധുരവും എരിവും ഉപ്പുമുള്ള വൈവിധ്യമാർന്ന കുക്കീസുകളാണ് തയ്യാറാക്കുന്നത്. കദളിക്കർഷകർക്ക് പുതിയ വരുമാനത്തിനൊപ്പം ബിസ്കറ്റുൾപ്പെടെ ഭക്ഷ്യവിഭവങ്ങളുടെ ഉൽപ്പാദനവും വിപണനവും വഴി പുതിയ തൊഴിലവസരങ്ങളും ഒരുങ്ങുകയാണ്.

മറ്റത്തൂർ സംഘം 2009ൽ ഗുരുവായൂർ ക്ഷേത്രത്തിലേക്ക് ആവശ്യമായ കദളിപ്പഴം നൽകുന്നതിനാണ് കദളീവനം പദ്ധതി ആരംഭിച്ചത്. 2020വരെ കോടിയിലധികം കദളിപ്പഴം ക്ഷേത്രത്തിലേക്ക് നൽകി. കോവിഡ് കാലത്ത് പദ്ധതി നിലച്ചു. കെ കെ രാമചന്ദ്രൻ എംഎൽഎയുടെ നേതൃത്വത്തിൽ തുടക്കംകുറിച്ച പൊലിമ പുതുക്കാട് പദ്ധതിയുടെ ഭാഗമായി ഇത് പുനരാരംഭിക്കുകയാണ്. ക്ഷേത്രത്തിലേക്കുനൽകി അധികം വരുന്ന കദളിപ്പഴം ഉപയോഗിച്ച് കേക്ക്, ഹൽവ തുടങ്ങിയവ ഉൽപ്പാദിപ്പിച്ച് വിപണിയിലിറക്കി. ഇതിന്റെ തുടർച്ചയാണ് കൂക്കീസും അടയും. 200 ഗ്രാം കുക്കീസിന് 100 രൂപയാണ് വില. അരക്കിലോ കദളി കേക്ക് 300 രൂപയും കദളി അട വില 20രൂപയുമാണ്. അതിമധുരമൂറും കദളിഹൽവ അരക്കിലോ 180 രൂപയാണ്.

സംഘം ഭരണസമിതി അംഗത്തിന്റെ ബേക്കറി യൂണിറ്റ് പ്രയോജനപ്പെടുത്തിയാണ് നിലവിൽ ഉൽപ്പാദനം. പുതിയ യൂണിറ്റിന് 50 ലക്ഷം രൂപയുടെ പദ്ധതിക്ക് രൂപം നൽകി. കൊച്ചിയിൽ നടന്ന സഹകരണ എക്സ്പോയിൽ വ്യവസായമന്ത്രി പി രാജീവ് കദളി കൂക്കീസ് പ്രോഡക്ട് ലോഞ്ചിങ് നടത്തി. സഹകരണ സംഘം രജിസ്ട്രാർ ടി വി സുഭാഷ്, ജോയിന്റ് രജിസ്ട്രാർ എം ഗബരീദാസ് എന്നിവർ പങ്കെടുത്തു. ജൂലൈ ആദ്യ വാരത്തോടെ കുക്കീസ് വിപണിയിലേക്ക് ഇറക്കുമെന്ന് പ്രസിഡന്റ് സി വി രവിയും സെക്രട്ടറി കെ പി പ്രശാന്തും അറിയിച്ചു. മഹാമാരികൾ വന്നാലും കർഷകർക്ക് കദളികൃഷി നഷ്ടം വരാതിരിക്കാനാണ് ഭക്ഷ്യ വിപണിയിലേക്കുള്ള സൊസൈറ്റിയുടെ ചുവടുവയ്പ്.

## പൊലീസ് കരങ്ങളിൽ ഹൃദ്യിക 'നീറ്റാ'യി ഏഴുതി

സ്വന്തം ലേഖകൻ
അമ്പലപ്പുഴ


ഹൃദ്യികയുമായി ഗ്രേഡ് എസ്ഐ സുരേഷ്കുമാർ പരീക്ഷാ സെന്ററിലേക്ക് പൊലീസ് ജീപ്പിൽ

നീറ്റ് പരീക്ഷയ്ക്ക് സെന്റർ മാറിയെത്തിയ വിദ്യാർഥിനിയെ കൃത്യസ്ഥലത്തെത്തിച്ച് പരീക്ഷയെഴുതാൻ സഹായിച്ച് പൊലീസ്. മാന്നാർ സ്വദേശിനി ഹൃദ്യികക്ക് പുന്നപ്ര പൊലീസാണ് കൈത്താങ്ങായത്. മുഹമ്മ കെഇ കാർമൽ കോളേജിലായിരുന്നു ഹൃദ്യികയുടെ പരീക്ഷ സെന്റർ. എന്നാൽ സഹോദരനൊപ്പം ബൈക്കിൽ ഹൃദ്യിക പരീക്ഷയെഴുതാൻ എത്തിയത് പുന്നപ്ര കാർമൽ എൻജിനിയറിങ് കോളേജിൽ. ക്ലാസ്മുറിയിൽ പരിശോധനകൾക്കിടയിലാണ് സെന്റർ മാറിയ വിവരം അറിയുന്നത്. ഈ സമയം സഹോദരൻ വീട്ടിലേക്ക് മടങ്ങിയിരുന്നു. ഹൃദ്യിക ആശങ്കയിലായി. വിവരം പുന്നപ്ര എസ്ഐ കെ രാകേഷിനെ അറിയിച്ചതോടെ മുഹമ്മയിലെ പരീക്ഷ സെന്ററുമായി ബന്ധപ്പെട്ട് വിവരം കൈമാറി.

അമ്പലപ്പുഴ ഡിവൈഎസ്പി ബിജു വി നായർ, പുന്നപ്ര എസ്എച്ച്ഒ ലൈസാദ് മുഹമ്മദ് എന്നിവരുടെ നിർദേശാനുസരണം എസ്ഐയും ഗ്രേഡ് എസ്ഐ സുരേഷ്കുമാറും ചേർന്ന് ഞായർ പകൽ 1.35ന് ഹൃദ്യികയുമായി പൊലീസ് ജീപ്പ് പാഞ്ഞു. 20 കിലോമീറ്റർ ഓടി പകൽ രണ്ടിനുമുമ്പായി ഹൃദ്യികയെ മുഹമ്മയിലെ സെന്ററിലെത്തിച്ച് പരീക്ഷ എഴുതിക്കുകയായിരുന്നു.